ചോദ്യോത്തരം

മുജീബ്

# വനിതാ സമ്മേളനത്തിനെതിരെ മതപണ്ഡിതർ

■ *“സ്ത്രീശാക്തീകരണത്തിന്റെ കീഴിൽ മുസ്‌ലിം വനിതകളെ തെരുവിലിറക്കുന്ന ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവണത ന്യായീകരിക്കാനാവില്ലെന്ന് റഹ്മത്തുല്ലാ ഖാസിമി. സ്ത്രീകൾ പൊതുസമൂഹത്തിൽ വിഹരിക്കുന്നതും പോസ്റ്ററുകൾ ഒട്ടിക്കാൻ നിരത്തിലിറങ്ങുന്നതും ഇസ്‌ലാമിക വിരുദ്ധമാണ്– അദ്ദേഹം കൂട്ടിച്ചേർത്തു. ‘സ്ത്രീശാക്തീകരണത്തിന്റെ മതവും രാഷ്ട്രീയവും’ എന്ന വിഷയത്തിൽ എസ്.കെ.എസ്.എസ്.എഫ് സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം”* (മാധ്യമം, *കോഴിക്കോട് 2010 ജനുവരി 24). മുജീബിന്റെ പ്രതികരണം?*

***കെ. സാജിദ മലപ്പുറം***

*“സാമൂഹിക വിപ്ലവം പറഞ്ഞ് ജമാഅത്തെ ഇസ്‌ലാമി മുസ്‌ലിം സ്ത്രീകളെ രംഗത്തിറക്കി രാഷ്ട്രീയം കളിക്കുകയാണെന്നും, സ്ത്രീകളെ കരുവാക്കിയുള്ള ഇത്തരം നീക്കങ്ങളെ സമുദായം കരുതിയിരിക്കണമെന്നും സിറാജുൽ ഹുദാ ഇരുപതാം വാർഷിക സമ്മേളനത്തിന്റെ ഭാഗമായി നടന്ന ആദർശ സദസ്സ് അഭിപ്രായപ്പെട്ടു. പഞ്ചായത്ത് തെരഞ്ഞെടുപ്പ് മുമ്പിൽ കണ്ട് ജമാഅത്തെ ഇസ്‌ലാമി നടത്തുന്ന ഈ നീക്കം ഇസ്‌ലാമിക നിയമങ്ങളെ പരിഹസിക്കുന്നതാണെന്നും സമ്മേളനം അംഗീകരിച്ച പ്രമേയം പറയുന്നു. സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ സെക്രട്ടറി എ.പി മുഹമ്മദ് മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. പി.പി മുഹ്‌യിദ്ദീൻ കുട്ടി മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു (മാതൃഭൂമി* കോഴിക്കോട് ജനുവരി 31). പ്രതികരണം?

***സി. ആഇശാബി കോഴിക്കോട്***

**സ**മസ്തയുടെ രണ്ട് ഗ്രൂപ്പുകളുടെയും ജമാഅത്തെ ഇസ്‌ലാമി കേരള വനിതാ സമ്മേളനത്തെക്കുറിച്ച പ്രതികരണങ്ങളാണ് ഈ റിപ്പോർട്ടുകളിൽ പ്രതിഫലിക്കുന്നത്. ആദ്യത്തേത് സമസ്ത ഔദ്യോഗിക വിഭാഗത്തിന്റേതാണ്; രണ്ടാമത്തേത് കാന്തപുരം ഗ്രൂപ്പിന്റേതും. സമ്മേളനം നടക്കുന്നതിന്റെ മുമ്പാണ് റഹ്മത്തുല്ലാ ഖാസിമിയുടെ പ്രസ്താവന; സമ്മേളനത്തിനു ശേഷമാണ് കുറ്റ്യാടി സിറാജുൽ ഹുദാ വാർഷിക സമ്മേളനത്തിലെ പ്രമേയം. രണ്ടും അപ്രതീക്ഷിതമല്ല. സാമ്പ്രദായിക മത സംഘടനകൾ സ്ത്രീകൾ പള്ളിയിൽ പോവുന്നതടക്കം ഹറാമാണെന്ന് വാദിച്ചവരാണ്. ഹജ്ജിനോ ഉംറക്കോ പോയാൽ ഹറമിൽ പോലും സ്ത്രീകൾ പ്രവേശിക്കരുതെന്ന് വിലക്കുന്നവരാണ് എ.പി വിഭാഗം സുന്നി പണ്ഡിതന്മാർ. രണ്ടു കൂട്ടർക്കും പക്ഷേ സ്ത്രീകൾ നേർച്ചയിൽ പങ്കെടുക്കുന്നതോ വഅ്ളുകളിൽ സംബന്ധിക്കുന്നതോ അജ്മീരിലും ഏർവാടിയിലും സിയാറത്തിന് പോവുന്നതോ തെറ്റല്ലെന്ന് മാത്രമല്ല പ്രോത്സാഹനമർഹിക്കുന്നതു കൂടിയാണ്. സമസ്ത ഔദ്യോഗിക വിഭാഗം മുസ്‌ലിം ലീഗിനെ സാമാന്യമായി പിന്തുണക്കുന്നവരാണ്. റഹ്മത്തുല്ലാ ഖാസിമിയും

നാസിർ ഫൈസി കൂടത്തായിയും മറ്റും ലീഗ് വേദികളിലെ പതിവുകാരുമാണ്. മുസ്‌ലിം ലീഗ് പഞ്ചായത്ത്-നഗരസഭ തെരഞ്ഞെടുപ്പിൽ സ്ത്രീകളെ മത്സരിപ്പിക്കുകയും ജയിച്ചാൽ ഭൂരിപക്ഷമുള്ളേടത്ത് ഭരിപ്പിക്കുകയും ചെയ്യുന്നു. അവർ പുരുഷന്മാരോടൊത്ത് യോഗങ്ങൾ ചേരുകയും വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും ചെയ്യുന്നു. ഇതിനെതിരെ ഔദ്യോഗിക സമസ്ത ഇന്നേവരെ ഒരക്ഷരം ഉരിയാടിയിട്ടില്ല. ആദ്യത്തിൽ അത് ഹറാമാണെന്ന് പ്രസ്താവനയിറക്കിയ എ.പി വിഭാഗവും പിന്നീട് നിശ്ശബ്ദമാണ്. അപ്പോൾ ഇരട്ടത്താപ്പ് പകൽ വെളിച്ചം പോലെ വ്യക്തമാണ്. തങ്ങൾക്കിഷ്ടമുള്ളവർക്ക് സ്ത്രീകളെ പൊതുരംഗത്തിറക്കാം; ഏതറ്റം വരെയും പോവാം. അതിൽ തെറ്റ് കാണാൻ വയ്യ. പക്ഷേ ഇഷ്ടമില്ലാത്തവർ എന്തു ചെയ്താലും ഹറാമാണ്. സമുദായം ജാഗ്രത പാലിക്കണം! മുസ്‌ലിം സ്ത്രീകൾ പുറത്തിറങ്ങാൻ പാടില്ലെങ്കിൽ ഒന്നിന്റെ പേരിലും ആരുടെ വകയിലും പുറത്തിറങ്ങിക്കൂടാ എന്ന് പണ്ഡിതന്മാർ തീരുമാനിക്കണം. മറിച്ച്, പാടുണ്ടെങ്കിൽ ചിലർക്ക് മാത്രം അത് ഹറാമും മറ്റുള്ളവർക്ക് ഹലാലുമാകുന്നത് യഹൂദി പണ്ഡിതന്മാരുടെ നയമാണ്; മുസ്‌ലിം ആലിമുകൾക്ക് ചേർന്ന പണിയല്ല.

ജമാഅത്തെ ഇസ്‌ലാമി കേരള വനിതാ സമ്മേളനം ഒരു വർഷം മുമ്പെങ്കിലും എടുത്ത തീരുമാനമാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലം അതിനില്ല. എന്നാൽ സമ്മേളനം ആവുമ്പോഴേക്ക് പഞ്ചായത്ത്-നഗരസഭകളിൽ അമ്പത് ശതമാനം സ്ത്രീ സംവരണ നിയമവും വന്നു. അപ്പോൾ സ്വാഭാവികമായും സമ്മേളനത്തിൽ അതും ചർച്ചാ വിഷയമായി. സ്ത്രീ ശാക്തീകരണത്തിന്റെ ഒരു വശം, അവരുടെ വികസന പങ്കാളിത്തം കൂടിയാണല്ലോ. എങ്കിലും വർധിച്ചുവരുന്ന സ്ത്രീ പീഡനം, അധാർമികത, സ്ത്രീവാദത്തിന്റെ പരിധിവിട്ട ഇടപെടലുകൾ, സ്ത്രീകളെ ഉപഭോഗവസ്തുക്കളാക്കുന്ന മുതലാളിത്ത സംസ്കാരത്തിന്റെ കടന്നുകയറ്റം തുടങ്ങി ഒട്ടേറെ കാലിക പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്ന കൂട്ടത്തിലാണ് തെരഞ്ഞെടുപ്പുകളിലെ വനിതാ പങ്കാളിത്തവും വിഷയമായത്. അതേസമയം, അനിസ്‌ലാമിക പ്രസ്ഥാനങ്ങളും പ്രത്യയശാസ്ത്രങ്ങളും സ്ത്രീശാക്തീകരണത്തിന്റെ മറവിലാണ് അവരുടെ അജണ്ടകൾ ലോക വ്യാപകമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. മുസ്‌ലിം സ്ത്രീകൾ എല്ലാം അവർക്ക് വിട്ടുകൊടുത്ത് മാറിയിരുന്നാൽ ഒടുവിൽ രംഗം അവർ കൈയടക്കും. പർദ ധരിച്ചു സ്കൂളിൽ പോവുന്നത് പോലും വിലക്കും. പല നാടുകളിലും ഇപ്പോൾതന്നെ അത് വന്നുകഴിഞ്ഞു. അന്നേരം നിർബന്ധിതാവസ്ഥയുടെ ഫത്‌വ ഇറക്കാനല്ലാതെ നമ്മുടെ മതപണ്ഡിതന്മാർക്ക് എന്തു ചെയ്യാനാവും? ഇത്തരം ആപത്തുകൾ കാലേക്കൂട്ടി കണ്ടറിഞ്ഞ്, ധാർമികബോധവും ഇസ്‌ലാമിനോട് പ്രതിബദ്ധതയുമുള്ള സ്ത്രീകളെ മതനിയമങ്ങൾ പാലിച്ചുകൊണ്ടുതന്നെ നിയമനിർമാണ വേദികളിലും ശാക്തീകരണ സ്രോതസ്സുകളിലും കയറ്റിവിടണമെന്നതാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഉറച്ച നിലപാട്. അങ്ങേയറ്റം യാഥാസ്ഥിതികമായ സുഊദി അറേബ്യ പോലും ഇപ്പോൾ ആ വഴിക്ക് ചിന്തിക്കുന്നു. ഈജിപ്തിലും ഖത്തറിലും കുവൈത്തിലും യു.എ.ഇയിലുമൊക്കെ സ്ത്രീകൾ അധികാര ശ്രേണികളുടെ ഉന്നത സ്ഥാനങ്ങളിൽ അവരോധിതരാണ്. അവിടങ്ങളിൽ നിരന്തരം പോയി വരുന്ന നമ്മുടെ പണ്ഡിതന്മാർ പരോക്ഷമായി പോലും അതിനെതിരെ ഒരക്ഷരം പറയാറുണ്ടോ? ഇവിടെ നിന്നാണെങ്കിലും അവരുടെ ചെയ്തി തെറ്റാണെന്ന് ചൂണ്ടിക്കാട്ടാറുണ്ടോ?

മറ്റൊരു കാര്യം കൂടി ഇവിടെ ചൂണ്ടിക്കാട്ടേണ്ടതുണ്ട്. സ്ത്രീകൾ വീട്ടിലിരിക്കണമെന്ന് പറയുന്നവർ, അവിടെ എന്തു ചെയ്യണമെന്ന് കൂടി പറയണം. സകല തിന്മ

കളും പ്രോത്സാഹിപ്പിക്കുന്ന ടെലിവിഷനു മുമ്പിൽ 24 മണിക്കൂറും സമയം ചെലവിടുന്നതിനെക്കുറിച്ച് ഇവർക്കെന്ത് പറയാനുണ്ട്? അതിന്റെ ഫലമായി അവിഹിത ബന്ധങ്ങളിൽ കുടുങ്ങി അപകടത്തിൽ ചെന്നുചാടുന്ന സംഭവങ്ങൾ നിരവധിയാണ്. ഇത് തടയാൻ ഇവർ കാണുന്ന പ്രതിവിധിയെന്ത്? മൊബൈൽ ഫോൺ സാർവത്രികമായിരിക്കെ, അത് സൃഷ്ടിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളിൽനിന്ന് വീട്ടിൽ അടച്ചിരുന്നാൽ മോചനം ലഭിക്കുമോ? ഇന്റർനെറ്റിലൂടെ വീട്ടിലിരുന്ന് നിർബാധം സല്ലപിക്കാമെന്നിരിക്കെ പ്രതിരോധിക്കാൻ എന്തുണ്ട് വഴി? അപ്പോൾ വീടിന്റെ അകവും പുറവുമല്ല ഇക്കാലത്തെ പ്രശ്നം. ശക്തമായ ബോധവത്കരണമാണ്. അതിനു വേണ്ടിയാണ് സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നത്; പോരാട്ടം സംഘടിപ്പിക്കുന്നതും.

സർവോപരി, ഏതു കാര്യത്തെയും പോലെ ഇതും ഹലാലാവുന്നത് സമയത്തിന്റെ മാത്രം പ്രശ്നമാണ്. ആദ്യം കണ്ണടച്ച് എതിർക്കും. പിന്നെ മെല്ലെ മെല്ലെ അയയും. ഒടുവിൽ വനിതാ സംഘടനകളും സമ്മേളനങ്ങളുമൊക്കെ ഗംഭീരമായി അവരും നടത്തും. അത് അറിയാവുന്നതുകൊണ്ടുതന്നെ ജമാഅത്തെ ഇസ്ലാമി അതിന് ശരിയെന്ന് തോന്നുന്ന മാർഗത്തിൽ മുന്നോട്ടുപോവും. പാളിച്ചകൾ ചൂണ്ടിക്കാട്ടിയാൽ തിരുത്താം. കുറ്റിപ്പുറം വനിതാ സമ്മേളനം ഒരു അനിഷ്ട സംഭവവുമില്ലാതെ, വനിതകളുടെ കരുത്തും സ്വയംപര്യാപ്തതയും തെളിയിച്ചുകൊണ്ട് പര്യവസാനിച്ചു. വനിതാ ശാക്തീകരണത്തിന്റെ ചരിത്രത്തിൽ മറക്കാനാവാത്ത അനുഭവമായി സർവശക്തൻ അതിനെ മാറ്റി. വലില്ലാഹിൽ ഹംദ്.

## മാധ്യമ സംസ്കരണം

■ *ജമാഅത്തെ ഇസ്ലാമി സംഘടിപ്പിച്ച കേരള വനിതാ സമ്മേളനം ചരിത്ര സംഭവമായി മാറിയിരിക്കുകയാണല്ലോ. ഈ സന്ദർഭത്തിൽ ഒന്നു രണ്ട് കാര്യങ്ങൾ അന്വേഷിക്കട്ടെ. 1. യിവോൺ റിഡ്ലിക്ക് വിസ നിഷേധിക്കാനുണ്ടായ സാഹചര്യം എന്ത്? 2. മുസ്ലിം വനിതകൾ സംഘടിപ്പിച്ചതായിട്ടു പോലും മുഖ്യധാരാ മാധ്യമങ്ങൾ വേണ്ടത്ര പ്രാധാന്യം നൽകിയില്ലല്ലോ. ഇതിനെ പ്രസ്ഥാനം എങ്ങനെ വിലയിരുത്തുന്നു?*

*3. പൊതു ഇടപെടലുകളിലേക്ക് സ്ത്രീകൾ മുന്നിട്ടിറങ്ങുന്നത് സ്വാഗതാർഹം തന്നെ. എന്നാൽ തർബിയത്ത് പരമായ പരിപാടികൾ കൂടുതൽ സംഘടിപ്പിക്കേണ്ടത് ഇക്കാലത്ത് അത്യാവശ്യമല്ലേ? അതിന് പ്രസ്ഥാനം ശ്രദ്ധിക്കുന്നുണ്ടോ?*

***സബാഹ് മങ്ങാട്ടുപുലം***

**റി**ഡ്ലി ഇന്ത്യാ ഗവൺമെന്റിന്റെ കരിമ്പട്ടികയിൽ ഉൾപ്പെട്ടതുകൊണ്ടാവാം; അല്ലെങ്കിൽ ജമാഅത്തെ ഇസ്ലാമിയുടെ സമ്മേളനത്തിലാണ് പങ്കെടുക്കുന്നത് എന്നതുകൊണ്ടുമാവാം. രണ്ടും കാരണമായിട്ടുമുണ്ടാവാം. ജമാഅത്ത് സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതിൽനിന്ന് മുമ്പും വിദേശികളെ തടഞ്ഞിട്ടുണ്ട്. അതുപോലെ ഇസ്രയേലിന് അനഭിമതയാണ് റിഡ്ലി. സ്വാഭാവികമായും ഇന്ത്യക്കും അനഭിമതയാവാൻ അതുമതി.

മുസ്ലിം വനിതകൾ പർദ ധരിക്കുന്നതിനെതിരായി ചൂടേറിയ ചർച്ചകൾ നടത്തുന്ന മുഖ്യധാരാ മാധ്യമങ്ങൾക്ക്, അവർ അച്ചടക്കപൂർണമായ അന്തരീക്ഷത്തിൽ ഇത്ര മഹത്തായ സമ്മേളനം പുരുഷ സഹായമില്ലാതെ നടത്തിയതും സ്ത്രീകളുടെ യഥാർഥ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതും വാർത്തയാവാതെ പോയെങ്കിൽ ബോധപൂർവവും ആസൂത്രിതവുമായ അജണ്ട അതിന്റെ പിന്നിലുണ്ട്. പ്രവാചകനെയും വിശുദ്ധ ഖുർആനെയും കുറിച്ച് തെറി എഴുതിയ തസ്ലീമാ നസ്റീന് സ്ഥിരം വിസ

അനുവദിക്കാത്തതിനെച്ചൊല്ലി ദിവസങ്ങളോളം ഇന്ത്യാ ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിർത്തിയ മാധ്യമങ്ങൾ, ഇസ്‌ലാമിനെക്കുറിച്ച് നല്ലത് പറയുന്ന യിവോൺ റിഡ്‌ലിക്ക് ഏതാനും മണിക്കൂർ നേരത്തേക്ക് കുറ്റിപ്പുറത്ത് വന്നുപോവാൻ വിസ നിഷേധിച്ചതിനെപ്പറ്റി ഒരക്ഷരം പറയാത്തതും ഹിഡൻ അജണ്ടയുടെ ഭാഗം തന്നെ. പക്ഷേ, ഇവർ എങ്ങനെയൊക്കെ തമസ്കരിച്ചാലും സത്യത്തിന്റെ ശബ്ദം ഇന്ത്യയിൽ മുഴങ്ങുകതന്നെ ചെയ്യും, ഇൻശാ അല്ലാഹ്.

ചരിത്രത്തിലാദ്യമായി ഒരു ദിവസത്തെ സമ്മേളനം നടത്തിയപ്പോഴേക്ക് തകരുന്നതല്ല തർബിയത്ത്. സമ്മേളനം തന്നെ പ്രസ്ഥാനം നൽകിയ തർബിയത്തിന്റെ മികച്ച ഉദാഹരണമായിരുന്നു. പ്രചാരണത്തിലും സംഘാടനത്തിലും ഇസ്‌ലാമിന്റെ പരിധികൾ ലംഘിക്കാതെ, ഒരുവിധ പരാതികൾക്കും ഇട നൽകാതെ സ്ത്രീകൾ ഇങ്ങനെയൊരു സമ്മേളനം വിജയകരമായി നടത്തണമെങ്കിൽ തർബിയത്ത് ചില്ലറയൊന്നും പോരല്ലോ. എന്നാലും പരമപ്രധാനമാണ് സംസ്കരണം. അത് വർധിത പ്രാധാന്യത്തോടെ പ്രസ്ഥാനം കണക്കിലെടുക്കും.

## തൊഗാഡിയ നിയമങ്ങൾക്കതീതൻ

■ *ബജ്റംഗ്ദൾ രജത ജയന്തി ആഘോഷത്തിന്റെ ഭാഗമായി കോഴിക്കോട്ട് നടന്ന പൊതുയോഗത്തിൽ മുഖ്യ പ്രഭാഷകനായ വിശ്വഹിന്ദുപരിഷത്ത് ദേശീയ ജനറൽ സെക്രട്ടറി തൊഗാഡിയ നടത്തിയ വിഷലിപ്തമായ ജൽപനങ്ങൾ കേട്ടിട്ടും ഭരണകർത്താക്കളുടെയും പോലീസ് മേധാവികളുടെയും നാവനങ്ങിയില്ല. ഖുർആനിലെ ജിഹാദ്, ഹിന്ദു-ക്രിസ്ത്യൻ വിഭാഗങ്ങളോടുള്ള യുദ്ധമാണെന്നും, ഇവരുടെ ആയുധങ്ങൾ ആർ.ഡി.എക്സും എ.കെ 47 തോക്കുകളുമാണെന്നും ഹിന്ദുവിനെ കൊന്നൊടുക്കാൻ കഴിയാത്തതിനാൽ സാമ്പത്തികമായി തകർക്കാൻ മുംബൈ ബംഗളൂരു, ഹൈദരാബാദ്, ദൽഹി എന്നിവിടങ്ങളിൽ ആക്രമണം നടത്തുന്നുവെന്നും കേരളം കശ്മീരാക്കാനാണ് ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നതെന്നും ജനസംഖ്യ വർധിപ്പിച്ച് ഹിന്ദുക്കളുടെ തൊഴിലും വിദ്യാഭ്യാസവും തട്ടിയെടുക്കുകയാണെന്നും അയാൾ പ്രസംഗിച്ചു.*

*ശിവന്റെ കൈയിലെ ശൂലവും മഹാവിഷ്ണുവിന്റെ കൈയിലെ സുദർശന ചക്രവും ദുർഗയുടെ കൈയിലെ വാളും ശത്രുക്കളെ ഇല്ലായ്മ ചെയ്യാനാണെന്നും, മഹാഭാരതത്തിലും രാമായണത്തിലും അനുരഞ്ജനവും മാപ്പു നൽകലുമില്ലെന്നും ശത്രുവിനെ ഇല്ലാതാക്കാനാണ് അവ ആഹ്വാനം ചെയ്യുന്നതെന്നും തൊഗാഡിയ ആക്രോശിച്ചു. ഇത്രയും വിഷലിപ്തവും പ്രകോപനപരവുമായ പ്രസംഗം നടത്തിയ തൊഗാഡിയയെക്കുറിച്ചും നമ്മുടെ ഭരണകർത്താക്കളെയും പോലീസിനെയും കുറിച്ചും എന്തു പറയുന്നു?*

***പി. മുഹമ്മദ് അസ്‌ലം വണ്ടൂർ***

**പു**സ്തകത്തിൽ എന്തെഴുതിവെച്ചാലും പ്രയോഗത്തിൽ ഇന്ത്യാ രാജ്യത്ത് രണ്ടു തരം പൗരന്മാരുണ്ട്. ഒരുകൂട്ടം ആളുകൾക്ക് നിയമവാഴ്ച ബാധകം. മറ്റേ കൂട്ടർ നിയമങ്ങൾക്കതീതർ. രണ്ടാമത് പറഞ്ഞവർക്ക് എന്തും പറയാം, എങ്ങനെയും പ്രസംഗിക്കാം. ഇതാദ്യത്തെ തവണയല്ല തൊഗാഡിയ കോഴിക്കോട്ട് വരുന്നതും പ്രകോപനപരമായി പ്രസംഗിക്കുന്നതും. അയാൾക്ക് പൂർണ പോലീസ് സംരക്ഷണം ലഭിച്ചതല്ലാതെ ഒരു നടപടിയും ഉണ്ടായില്ല. അബ്ദുന്നാസിർ മഅ്ദനി തീപ്പൊരി പ്രസംഗം നടത്തിയെന്നാരോപിച്ച് അറസ്റ്റ് ചെയ്ത് കോയമ്പത്തൂർ ജയിലിലടച്ചു. സ്ഫോടന കേസിൽ പ്രതിചേർത്തു. ഒമ്പതര വർഷം അവിടെ കിടന്നു. ജാമ്യമോ പരോളോ

പോലും അനുവദിച്ചില്ല. ഒടുവിൽ നിരപരാധിയെന്ന് കണ്ട് കോടതി വെറുതെവിട്ടു. ഹൈക്കോടതിയും അത് ശരിവെച്ചു. മഅ്ദനിയാവട്ടെ ജയിൽമുക്തനായ ശേഷം താനിനി പഴയതുപോലെ പ്രസംഗിക്കുകയില്ലെന്ന് പറഞ്ഞ് പരസ്യമായി ഖേദപ്രകടനം നടത്തി. പക്ഷേ, അദ്ദേഹമിപ്പോഴും തീവ്രവാദിയും ഭീകരനുമാണ്. അദ്ദേഹവുമായി വേദി പങ്കിട്ട പിണറായി വിജയൻ ഘോരമായ അപരാധമാണ് ചെയ്തത്. ഇതാണ് മീഡിയയുടെയും രാഷ്ട്രീയ–സാംസ്കാരിക നായകരുടെയും ഏകകണ്ഠമായ തീരുമാനം! ഫാഷിസം വിജയിക്കുകയാണ്; അധികാരത്തിലേറിയാലും ഇല്ലെങ്കിലും. ■